I ഇ.ബി. XIII – കേരള നിയമസഭ/VII - 6

**പതിമൂന്നാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നിയമസഭാ നടപടികൾ - സംഗ്രഹം**

**(ചോദ്യോത്തരങ്ങൾ ഒഴികെ)**

**2013 ഫെബ്രുവരി 11, തിങ്കളാഴ്ച**

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**(രാവിലെ 8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)**

റൂളിംഗ്

ചീഫ് വിപ്പ് നടത്തിയ പരാമർശം സംബന്ധിച്ച്

മി. സ്പീക്കർ: ഗവൺമെന്റ് ചീഫ് വിപ്പ് ശ്രീ. പി. സി. ജോർജ് പ്രസ് ക്ലബിൽ ഒരു പൊതു പരിപാടിയിൽ പങ്കെടുത്തുകൊണ്ട് നടത്തിയ പ്രസംഗത്തിലെ ചില വിവാദ പരാമർശങ്ങൾ ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ 08-02-2013-ൽ ചെയറിന്റെ ശ്രദ്ധയിൽകൊണ്ടുവന്നിരുന്നു. പ്രസംഗത്തിന്റെ സി.ഡി. ചെയർ പരിശോധിച്ചു. അംഗങ്ങളെ സംബന്ധിക്കുന്ന പരാമർശം നടത്തിയതിന് ശ്രീ. പി. സി. ജോർജ് സഭയിൽ ക്ഷമാപണം നടത്തിയിട്ടുണ്ട്. ദളിത് വിഭാഗങ്ങളുടെ ഇന്നത്തെ നിലവാരത്തെക്കുറിച്ച് ശ്രീ. പി. സി.

ജോർജിന്റെ പ്രസംഗമദ്ധ്യേയാണ് അനാഥരെക്കുറിച്ച് പരാമർശമുണ്ടാകുന്നത്. തികച്ചും കാഷ്വലായാണ് അദ്ദേഹം അനാഥരെക്കുറിച്ച് പരാമർശിച്ചിട്ടുള്ളത്. അത് മന:പൂർവ്വമോ ദുരുദ്ദേശപരമോ ആയി നടത്തിയതാണെന്ന് ചെയർ കരുതുന്നില്ല. അനാവശ്യമായ വിവാദങ്ങളിൽ നിന്നും സഭാംഗങ്ങൾ കഴിവതും മാറി നിൽക്കുന്നതാണ് സഭയുടെ അന്തസ്സ് കാത്തുസൂക്ഷിക്കുന്നതിന് ഉചിതം.

**അടിയന്തര പ്രമേയം**

**ജസ്റ്റിസ് ആർ. ബസന്തിന്റെ പ്രസ്താവന**

മി. സ്പീക്കർ: സൂര്യനെല്ലിക്കേസിൽ 35 പ്രതികളെ വെറുതെ വിട്ട ഹൈക്കോടതി ഡിവിഷൻ ബഞ്ചിലെ ഒരംഗമായ ജസ്റ്റിസ്റ്റ് ആർ. ബസന്ത് ഇരയായ പെൺകുട്ടിയെക്കുറിച്ച് നടത്തിയ പരാമർശം ജനങ്ങളിൽ ഉളവാക്കിയിട്ടുള്ളതായി പറയപ്പെടുന്ന ആശങ്കയും ഗുരുതരമായ സ്ഥിതിവിശേഷവും സംബന്ധിച്ച് സഭാനടപടികൾ നിറുത്തിവച്ച് ചർച്ചചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കോടിയേരി ബാലകൃഷ്ണൻ, സി. ദിവാകരൻ, ജോസ് തെറ്റയിൽ, കോവൂർ കുഞ്ഞുമോൻ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ഹൈക്കോടതിയിൽ സൂര്യനെല്ലിക്കേസിൽ വിധി പറഞ്ഞ ജസ്റ്റിസ് ആർ. ബസന്ത് സ്വകാര്യ സംഭാഷണത്തിനിടയിൽ പറഞ്ഞ ചില കാര്യങ്ങളാണ് അടിയന്തരപ്രമേയത്തിൽ പറഞ്ഞിട്ടുള്ളത്. അദ്ദേഹത്തിന്റെ അഭിപ്രായങ്ങളോട് ഗവൺമെന്റിന് യോജിപ്പില്ല. ഗവൺമെന്റിന് അതിൽ യാതൊരു പങ്കുമില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സൂര്യനെല്ലിക്കേസിലെ പെൺകുട്ടിയുമായി ബന്ധപ്പെടുത്തി ജസ്റ്റിസ് ആർ. ബസന്ത് നടത്തിയിട്ടുള്ള അഭിപ്രായ പ്രകടനങ്ങൾ കേരളത്തിലെ ജനങ്ങൾക്കിടയിൽ വലിയ പ്രതിഷേധമാണ് ഉണ്ടാക്കിയിരിക്കുന്നത്. അദ്ദേഹം ഒരു സ്വകാര്യ ചാനൽ ലേഖികയോട് നടത്തിയ അഭിപ്രായ പ്രകടനങ്ങൾ സ്വകാര്യ സംഭാഷണത്തിൽ ഒതുങ്ങുന്ന ഒന്നല്ല. സൂര്യനെല്ലി പീഡനകേസുമായി ബന്ധപ്പെട്ട 35 പ്രതികളെ വെറുതെ വിട്ടുകൊണ്ട് വിധി പ്രസ്താവിച്ച ഒരു ജഡ്ജിയാണ് ഇത്തരം അപലപനീയമായ അഭിപ്രായ പ്രകടനം നടത്തിയിരിക്കുന്നത്. ഈ കേസ് പുന:പരിശോധിക്കണമെന്ന സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ ജസ്റ്റിസ് ആർ. ബസന്ത് ഉൾപ്പെടെയുള്ള ബഞ്ചിന്റെ വിധി അപ്രസക്തമായ സാഹചര്യത്തിൽ നിലവിലില്ലാത്തൊരു വിധിയെ ന്യായീകരിച്ചുകൊണ്ട് പ്രസ്താവന നടത്തിയതിലൂടെ സുപ്രീം കോടതി വിധിയുടെ പരസ്യമായ ലംഘനമാണ് അദ്ദേഹം നടത്തിയിരിക്കുന്നത്. ഇത്തരം കോടതി അലക്ഷ്യ പ്രസ്താവന വളരെ ഗൗരവമായി പരിഗണിക്കുകയും കണ്ടംപ്ട് ഓഫ് കോർട്ട് ആക്ട് അനുസരിച്ച് നടപടി സ്വീകരിക്കാൻ അഡ്വക്കേറ്റ് ജനറൽ തയ്യാറാവുകയും ചെയ്യണം. സ്ത്രീ സമൂഹത്തിന്റെ അഭിമാനം സംരക്ഷിക്കുന്നതിനുവേണ്ടി സുപ്രീം കോടതി ശക്തമായ ഇടപെടലുകൾ നടത്തിയിരിക്കുന്ന ഈ സാഹചര്യത്തിൽ നീതിക്കുവേണ്ടി പോരാടുന്ന പെൺകുട്ടിയെ അപഹസിക്കുന്ന നിലപാട് സ്വീകരിക്കുന്നത് ശരിയല്ല. പുതിയ ക്രിമിനൽ ലാ അമെന്റ്മെന്റ് പ്രകാരം ജസ്റ്റിസ് ആർ. ബസന്തിനെതിരെ കേസ് രജിസ്റ്റർ ചെയ്ത് തുടർ നടപടികൾ സ്വീകരിക്കുന്നതോടൊപ്പം സുപ്രീം കോടതിയിൽ ഗവൺമെന്റിനുവേണ്ടി വാദിക്കാനുള്ള അഭിഭാഷകരുടെ പാനലിൽ നിന്നും ഒഴിവാക്കുകയും വേണം.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): കണ്ടംപ്ട് ഓഫ് കോർട്ട് ആക്ട് അനുസരിച്ച് സീനിയർ കൗൺസിൽ ലിസ്റ്റിൽനിന്നും ഒരാളെ പുറത്താക്കാനുള്ള അധികാരം സുപ്രീം കോടതിക്ക് മാത്രമാണുള്ളത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ജസ്റ്റിസ് ആർ. ബസന്തിന്റെ സ്വകാര്യ പ്രസ്താവന ഒളിക്യാമറയിൽ പകർത്തി പ്രസിദ്ധപ്പെടുത്തിയ നടപടിയോട് യോജിക്കുന്നില്ല. നിയമപരമായി കേസ് മുന്നോട്ട് കൊണ്ടുപോകാനാണ് ഉദ്ദേശിക്കുന്നത്. വിധി പ്രസ്താവിച്ച ജഡ്ജി എന്ന നിലയിൽ സൂര്യനെല്ലി കേസുകളിൽനിന്നും അദ്ദേഹത്തെ ഒഴിവാക്കും. കുറ്റം ചെയ്ത ഒരാളെയും രക്ഷപ്പെടാൻ അനുവദിക്കില്ല. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

(ഗവണ്മെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി.എസ്. അച്ചുതാനന്ദൻ, സി. ദിവാകരൻ, മാത്യൂ ടി തോമസ്, എ.എ. അസീസ്, തോമസ് ചാണ്ടി എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു)

## ശ്രദ്ധ ക്ഷണിക്കൽ

### (1) മെട്രോപൊളിറ്റൻ സിറ്റി

ശ്രീ. ഹൈബി ഈഡൻ: കൊച്ചി ഒരു മെട്രോപൊളിറ്റൻ സിറ്റിയായി ഉയർത്തിക്കൊണ്ടുവരുന്നതിന് നടപടികൾ സ്വീകരിക്കണം. ഗവൺമെന്റിന്റെ നൂറുദിന പരിപാടികളിൽ ഉൾപ്പെടുത്തി കൊച്ചി മെട്രോപൊളിറ്റൻ റീജിയ

ണൽ ഡെവലപ്മെന്റ് അതോറിറ്റി രൂപീകരിക്കുമെന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്. ആസൂത്രിതമായ സാമ്പത്തിക വികസനം, ഗതാഗതം, പരിസ്ഥിതി, അടിസ്ഥാന സൗകര്യ വികസനം തുടങ്ങിയ മേഖലകളിലെ വികസന കുതിപ്പിന് മെട്രോപൊളിറ്റൻ പദ്ധതി അനിവാര്യമാണ്. നഗരത്തിന്റെ വളർച്ച അതിന്റെ ചുറ്റുപാടുമുള്ള പ്രദേശങ്ങളിലുംകൂടി വ്യാപിപ്പിക്കണം.
എറണാകുളം ജില്ലയിലെ അവികസിത കിഴക്കൻ പ്രദേശങ്ങളെയെല്ലാം ഉൾപ്പെടുത്തിക്കൊണ്ട് ഒരു യൂണിഫൈഡ് സിസ്റ്റമുണ്ടാക്കി വികസന പ്രക്രിയ നടപ്പാക്കണം. സിംഗിൾ മൂറിംഗ് പോയിന്റുള്ള സാറ്റലൈറ്റ് ടൗൺഷിപ്പുകൾക്ക് സാദ്ധ്യതയുള്ളതും ടൂറിസത്തിന്റെ മീറ്റിംഗ് പോയിന്റുമായ കൊച്ചിയെ മെട്രോപൊളിറ്റൻ സിറ്റിയാക്കി ഉയർത്താനാവശ്യമായ നടപടി സ്വീകരിക്കണം.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർക്കാരിന്റെ നൂറുദിന കർമ്മ പരിപാടിയിൽ കൊച്ചി മെട്രോപൊളിറ്റൻ റീജിയണൽ ഡെവലപ്മെന്റ് അതോറിറ്റി രൂപീകരിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. മെച്ചപ്പെട്ട റോഡുകൾ, റെയിൽ ശൃംഖലകൾ, തുറമുഖം, വിമാനത്താവളം, ജലഗതാഗത സൗകര്യങ്ങൾ എന്നിവയെല്ലാം കൊച്ചിയെ ആഗോള നഗരത്തിലേയ്ക്ക് നയിക്കുന്ന ഘടകങ്ങളാണ്. കൊച്ചി മെട്രോപൊളിറ്റൻ റീജിയണൽ ഡെവലപ്മെന്റ് അതോറിറ്റി രൂപീകരിക്കുന്നതിനുള്ള ജി.സി.ഡി.എ.യുടെ കരട് പദ്ധതി ചീഫ് ടൗൺ പ്ലാനർ പരിശോധിച്ച് മാള, കൊടുങ്ങല്ലൂർ, അങ്കമാലി, പെരുമ്പാവൂർ, പിറവം, കോലഞ്ചേരി, തലയോലപ്പറമ്പ്, വൈക്കം, ചേർത്തല എന്നീ പ്രദേശങ്ങൾകൂടി ഉൾപ്പെടുത്തി ഭേദഗതികളോടെ റിപ്പോർട്ട് നൽകിയിട്ടുണ്ട്. ജൻറം പദ്ധതിയുടെ ഭാഗമായി കൊച്ചിക്കും സമീപ പ്രദേശങ്ങൾക്കുമായി സിറ്റി ഡെവലപ്മെന്റ് പ്ലാൻ കൊച്ചി കോർപ്പറേഷൻ തയ്യാറാ

ക്കിയിട്ടുണ്ട്. വിദ്യാഭ്യാസം, ആരോഗ്യം, ടൂറിസം, വാണിജ്യം, വ്യവസായം തുടങ്ങി സമസ്ത മേഖലകളിലും ചലനാത്മകമായ മാറ്റങ്ങളുണ്ടാക്കുന്ന കൊച്ചി നഗരത്തെ മെട്രോപൊളിറ്റൻ സിറ്റിയാക്കി ഉയർത്തുന്ന കാര്യം അനുഭാവപൂർവ്വം പരിഗണിക്കുന്നതാണ്.

**(2) <u>ഫാസ്റ്റ് ട്രാക്ക് കോടതികൾ</u>**

<u>ശ്രീമതി കെ.കെ. ലതിക</u>: സ്ത്രീപീഡന കേസ്സുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. ഇതിലേയ്ക്കായി എല്ലാ ജില്ലകളിലും ഫാസ്റ്റ് ട്രാക്ക് കോടതികൾ സ്ഥാപിക്കണം. ഇൻഡ്യൻ ശിക്ഷാ നിയമവും ക്രിമിനൽ നടപടി ചട്ടങ്ങളും ഇൻഡ്യൻ തെളിവ് നിയമവും ആവശ്യമായ ഭേദഗതികൾ വരുത്തി കാലാനുസൃതമായി പരിഷ്കരിക്കണം.

മുഖ്യമന്ത്രി <u>(ശ്രീ. ഉമ്മൻ ചാണ്ടി)</u>: സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ കേസ്സുകൾ മാത്രം കൈകാര്യം ചെയ്യുന്നതിനായി ഹൈക്കോടതിയിൽ ഒരു സിംഗിൾ ബഞ്ചും ഒരു ഡിവിഷൻ ബഞ്ചും രൂപീകരിച്ചിട്ടുണ്ട്. ഹൈക്കോടതി ചീഫ് ജസ്റ്റിസുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ മൂന്ന് അഡീഷണൽ ഡിസ്ട്രിക്ട് ആന്റ് സെഷൻസ് കോടതി സ്ഥാപിക്കാൻ തീരുമാനിക്കുകയും എറണാകുളത്ത് 27-01-13-ൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. തിരുവനന്തപുരത്തും കോഴിക്കോട്ടും ഇത്തരം കോടതികൾ തുടങ്ങുന്നതിന് തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. ഗർഭസ്ഥ ശിശു ലിംഗനിർണ്ണയ നിരോധന നിയമം, സ്ത്രീകൾക്കെതിരെയുള്ള ഗാർഹിക അതിക്രമ നിരോധന നിയമം എന്നിവ അനുസരിച്ച് എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും ഓരോ പുതിയ മജിസ്ട്രേറ്റ് കോടതികൾ തുടങ്ങണമെന്ന ഹൈക്കോടതി നിർദ്ദേശത്തെത്തുടർന്ന് 24 മജിസ്ട്രേറ്റ് കോടതികളെ റീലൊക്കേറ്റ്

ചെയ്ത് സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള കേസ്സുകൾ കൈകാര്യം ചെയ്യാനുള്ള കോടതികളാക്കി മാറ്റാൻ തീരുമാനിച്ചിട്ടുണ്ട്.

**സബ്മിഷൻ**

**(1) <u>കൊപ്രയുടെ താങ്ങുവില</u>**

പ്രതിപക്ഷ നേതാവ് <u>(ശ്രീ. വി.എസ്. അച്ചുതാനന്ദൻ)</u> : വിലത്തകർച്ച മൂലം ദുരിതത്തിലായ കേര കർഷകരെ സംരക്ഷിക്കുന്നതിനായി മില്ലിംഗ് കൊപ്രയുടെയും ഉണ്ടക്കൊപ്രയുടെയും താങ്ങുവില വർദ്ധിപ്പിക്കാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നതിനും കൃഷി ഭവൻ മുഖേനയുള്ള പച്ചത്തേങ്ങ സംഭരണം കാര്യക്ഷമമാക്കാനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി <u>(ശ്രീ. ഉമ്മൻ ചാണ്ടി)</u> : മില്ലിംഗ് കൊപ്രയുടെയും ഉണ്ട ക്കൊപ്രയുടെയും താങ്ങുവിലയിൽ നാമമാത്രമായ വർദ്ധനവ് വരുത്തിയ നടപടിയിലുള്ള പ്രതിഷേധം കേന്ദ്ര സർക്കാരിനെ അറിയിക്കുകയും തുക വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. കേരഫെഡിന് 200 രൂപ ഗവൺമെന്റ് സബ്സിഡി കൊടുത്ത് പച്ചത്തേങ്ങ സംഭരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൊപ്ര സംഭരണത്തിനായി സൊസൈറ്റികൾക്ക് കേന്ദ്ര ഗവൺമെന്റ് നൽകുന്ന തുകയ്ക്ക് പുറമെ 500 രൂപ പ്രത്യേക ധനസ ഹായമായി നൽകാനുള്ള തീരുമാനവുമായി മുന്നോട്ടുപോകുന്നതാണ്. പച്ചത്തേങ്ങയ്ക്കും കൊപ്രയ്ക്കും സബ്സിഡി കൊടുക്കുന്നത് തുടരു ന്നതും ഇവയുടെ താങ്ങുവില വർദ്ധിപ്പിക്കുന്നതിന് കേന്ദ്ര സർക്കാരിൽ ആവശ്യമായ സമ്മർദ്ദം ചെലുത്തുന്നതുമാണ്.

**(2) <u>വ്യവസായ സംരംഭങ്ങൾ ആരംഭിക്കൽ</u>**

ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ : കോഴിക്കോട് ജില്ലയിലെ കട്ടിപ്പാറ പഞ്ചായത്തിലെ രാരോത്ത് വില്ലേജിൽ വ്യവസായ വകുപ്പിന്റെ അധീനതയിൽ ഉപയോഗശൂന്യമായി കിടക്കുന്നതും പശ്ചാത്തല സൗകര്യങ്ങൾ ലഭ്യവുമായ സ്ഥലത്ത് വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി) : വ്യവസായ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള പ്രസ്തുത സ്ഥലത്ത് ലാന്റ് അക്വിസിഷൻ നടപടികൾ പൂർത്തിയാക്കി ഫീസിബിലിറ്റി സ്റ്റഡി നടത്തി അനുയോജ്യമായ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

## (3) കെ.എസ്.ആർ.ടി.സി. ജീവനക്കാരന്റെ ആത്മഹത്യ

ശ്രീ. എം. ചന്ദ്രൻ : പെൻഷൻ ലഭിക്കാത്തതുമൂലം ആത്മഹത്യ ചെയ്ത കെ.എസ്.ആർ.ടി.സി. ജീവനക്കാരന്റെ കുടുംബത്തിന് അടിയന്തര ധനസഹായമായി അഞ്ച് ലക്ഷം രൂപയും മകന് ജോലിയും നൽകുന്നതിന് നടപടി സ്വീകരിക്കണം.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) : ആത്മഹത്യ ചെയ്ത മുൻ കെ.എസ്.ആർ.ടി.സി. ഡ്രൈവറുടെ കുടുംബത്തിന് സഹായം നൽകുന്ന കാര്യം മുഖ്യമന്ത്രിയുമായി ആലോചിച്ച് അടുത്ത ക്യാബിനറ്റ് മീറ്റിംഗിൽ തീരുമാനമെടുക്കുന്നതാണ്.

## (4) സ്കോളർഷിപ്പ് തുകയും എണ്ണവും വർദ്ധിപ്പിക്കൽ

ശ്രീ. എം. ഉമ്മർ: എൽ. എസ്.എസ്., യു. എസ്. എസ്. പദ്ധതി പകാരം അനുവദിക്കുന്ന സ്കോളർഷിപ്പ് തുക കാലാനുസൃതമായി വർദ്ധിപ്പിക്കാനും സമയബന്ധിതമായി നൽകാനുമാവശ്യമായ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ നാലുമുതൽ ഏഴ് വരെയും എട്ട് മുതൽ പത്ത് വരെയുമുള്ള സ്റ്റാന്റേർഡുകളിൽ പഠിക്കുന്നതും എല്ലാ വിഷയങ്ങൾക്കും എ പ്ലസ് ലഭിച്ചിട്ടുള്ളതും എൽ. എസ്. എസ്., യു.എസ്. എസ്. എന്നീ പരീക്ഷകളിൽ വിജയികളായവരുമായ കുട്ടികൾക്ക് യഥാക്രമം 100 രൂപ, 150 രൂപ എന്നീ ക്രമത്തിലാണ് വാർഷിക സ്കോളർഷിപ്പ് നൽകി വരുന്നത്. പ്രസ്തുത സ്കോളർഷിപ്പ് തുകകളുടെ നിരക്ക് വർദ്ധന വന്നിട്ട് 16 വർഷം കഴിഞ്ഞിരിക്കുന്നതിനാൽ ഇത് വർദ്ധിപ്പിക്കണമെന്ന കരിക്കുലം കമ്മിറ്റിയുടെ ശുപാർശയിന്മേൽ സർക്കാർ താമസംവിനാ തീരുമാനമെടു ക്കുന്നതാണ്.

## (5) ഗണിതശാസ്ത്രത്തിന്റെ മാർക്കിലെ മാനദണ്ഡം

ശ്രീ. കെ. എൻ. എ. ഖാദർ: എൻജിനീയറിംഗ് കോളേജുകളിൽ പ്രവേ ശനം ലഭിക്കുന്നതിൽ ഗണിതശാസ്ത്രത്തിന് 50 ശതമാനം മാർക്ക് വേണ മെന്ന മാനദണ്ഡം ഒഴിവാക്കാൻ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): എൻജിനീയ റിംഗ് കോളേജുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും യോഗ്യതാ പരീക്ഷയിൽ ഗണിതശാസ്ത്രത്തിന് 50 ശതമാനം മാർക്ക് ലഭിക്കാത്ത കുട്ടി കൾക്ക് പഠനം പൂർത്തിയാക്കുന്നത് ദുഷ്ക്കരമാണെന്നും വിലയിരുത്തി

യതിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള വ്യവസ്ഥയിൽ മാറ്റം വരുത്തേണ്ടതി ല്ലെന്ന് സർക്കാർ കരുതുന്നു.

## (6) പ്രതികളെ അറസ്റ്റ് ചെയ്യൽ

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: ഗുരുവായൂർ, വടക്കേകാട് പോലീസ് സ്റ്റേഷൻ പരിധിയിൽ വരുന്ന റസീന കൊലക്കേസിൽ ഉൾപ്പെട്ട പ്രതികളെ അറസ്റ്റ് ചെയ്യാനും പരാതിക്കെതിരെ ഒരു കേസ് രജിസ്റ്റർ ചെയ്യാനോ അന്വേ ഷണം നടത്താനോ തയ്യാറാകാത്ത സബ് ഇൻസ്പെക്ടർക്കെതിരെ കർശന നടപടി സ്വീകരിക്കാനും കേസ്സിന്റെ അന്വേഷണച്ചുമതല പ്രത്യേക ഏജൻസിയെ ഏൽപ്പിക്കാനും നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃ ഷ്ണൻ) : 29-1-2013-ന് രാത്രി ഒമ്പതര മണി മുതൽ റസീനയെ കാണാ താകുകയും 1-2-2013-ന് രാവിലെ നൂറുദ്ദീൻ എന്ന ആളുടെ വീടിനുപുറ കിൽനിന്നും റസീനയുടെ വസ്ത്രത്തിന്റെ ഭാഗം കണ്ടുവെന്ന് മാതൃസഹോദ രൻ വടക്കേകാട് പോലീസ് സ്റ്റേഷനിൽ നേരിട്ടെത്തി വിവരം അറിയിച്ചതിനെ ത്തുടർന്ന് പോലീസ് മൊഴി രേഖപ്പെടുത്തുകയും സ്ഥലത്തെത്തി മൃത ദേഹം പുറത്തെടുക്കുകയുമുണ്ടായി. ചാവക്കാട് പോലീസ് സ്റ്റേഷൻ സർക്കിൾ ഇൻസ്പെക്ടർ അന്വേഷണച്ചുമതലയേറ്റെടുത്ത് തൃശൂർ മെഡി ക്കൽകോളേജ് ആശുപത്രിയിൽ പോസ്റ്റ്മോർട്ടം നടത്തിയപ്പോൾ ശ്വാസം മുട്ടിച്ച് കൊലപ്പെടുത്തിയതാണെന്ന് റിപ്പോർട്ട് ലഭിച്ചിട്ടുണ്ട് 30-1-2013-ന് നൂറുദ്ദീനെ നാട്ടുകാർ തടഞ്ഞുവച്ച് വടക്കേകാട് എസ്.ഐ. യെ ഏൽപ്പിച്ചതി നെത്തുടർന്ന് ചോദ്യം ചെയ്തെങ്കിലും കുറ്റകൃത്യത്തെപ്പറ്റി ഒന്നും പറയാത്ത തിനാൽ അദ്ദേഹത്തെ ബന്ധുക്കളോടൊപ്പം വിട്ടയച്ചുവെന്നാണ് വിവരം

ലഭിച്ചിരിക്കുന്നത്. പ്രസ്തുത കേസ് തൃശൂർ റേഞ്ച് ഐ.ജിയെക്കൊണ്ട് അന്വേഷിപ്പിക്കുന്നതിനും കേസിൽ എസ്.ഐ.യുടെ പങ്ക് എന്താണെന്ന് പരിശോധിക്കുന്നതിനും നിർദ്ദേശം കൊടുത്തിട്ടുണ്ട്.

(7) ശ്രീനാഥിന്റെ കൊലപാതകം

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: താനൂർ നിയോജക മണ്ഡലത്തിൽ നടന്ന ഒരു അടിപിടിക്കേസിൽ നിരപരാധിയായ യഹിയ ചെറിയേടത്ത് എന്നയാളെ പോലീസ് അറസ്റ്റ് ചെയ്ത് കേസിൽ പ്രതി ചേർക്കുകയും കോടതി റിമാന്റ് ചെയ്യുകയും ഇക്കഴിഞ്ഞ എട്ടാം തീയതി തിരൂർ സബ്ജയിലിൽ മരണപ്പെടുകയും ചെയ്ത സംഭവത്തിൽ കുറ്റക്കാരായ പോലീസുകാരെ സസ്പെന്റ് ചെയ്യുന്നതിനും സമഗ്രമായ അന്വേഷണം നടത്തി യഥാർത്ഥ കുറ്റവാളികളെ കണ്ടെത്തുന്നതിനും നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) 25-1-2013-ന് രാത്രി താനൂർ പരിയാരം സ്വദേശി ശ്രീനാഥിനെ സലാം, യഹിയ എന്നിവർ ചേർന്ന് കുത്തിക്കൊലപ്പെടുത്താൻ ശ്രമിച്ചതിന് ഈ കേസ്സിലെ പ്രതിയായ യഹിയയെ 27-1-2013-ന് പോലീസ് അറസ്റ്റ് ചെയ്ത് താനൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ പരിശോധനയ്ക്കു വിധേയനാക്കിയശേഷം പരപ്പനാങ്ങാടി ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി മുമ്പാകെ ഹാജരാക്കി റിമാന്റ് ചെയ്ത് തിരൂർ സബ്ജയിലിൽ പാർപ്പിക്കുകയുണ്ടായി കോടതിയിൽ ഹാജരാക്കിയ സമയം പോലീസുകാരനെതിരെ ടിയാൻ പരാതിയൊന്നും ഉന്നയിച്ചിരുന്നില്ലെന്നാണ് വിവരം ലഭിച്ചിട്ടുളളതെങ്കിലും പോലീസ് മർദ്ദനമേറ്റ് മരണം സംഭവിച്ചുവെന്നാണ്

യഹിയയുടെ സഹോദരൻ ആരോപണം ഉന്നയിച്ചിരിക്കുന്നത്. ഇതുസംബന്ധിച്ച ജില്ലാ പോലീസ് മേധാവിയുടെ റിപ്പോർട്ട് ലഭിച്ചാലുടൻ മേൽനടപടികൾ സ്വീകരിക്കുന്നതാണ്.

## (8) ലൈംഗിക പീഡനം

ശ്രീമതി പി. അയിഷാ പോറ്റി : തമിഴ്നാട് തൂത്തുക്കുടി സ്വദേശിനിയായ പെൺകുട്ടിയെ കന്യാകുമാരി ജില്ലയിലെ ലോഡ്ജിൽ താമസിപ്പിച്ച് പീഡിപ്പിച്ചശേഷം കൊട്ടാരക്കര ബസ് സ്റ്റാൻഡിനുസമീപം ഉപേക്ഷിച്ചു പോയവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കാനും കൊല്ലം മഹിളാമന്ദിരത്തിൽ പ്രവേശിപ്പിച്ചിട്ടുളള പെൺകുട്ടിക്ക് സുരക്ഷിതത്വം ഏർപ്പെടുത്താനും നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : തമിഴ്നാട് തൂത്തുക്കുടി സ്വദേശിനിയായ 15 വയസ്സുളള പെൺകുട്ടി 09.02.2013-ന് ഉച്ചകഴിഞ്ഞ് കൊട്ടാരക്കര കെ.എസ്.ആർ.ടി.സി. ബസ്സ്റ്റാൻഡിലുളള പാലസ്ലാന്റ് ലോഡ്ജിനുസമീപം അലഞ്ഞുതിരിഞ്ഞു നടക്കുന്ന വിവരം അറിഞ്ഞ ട്രാഫിക് പോലീസ് വൈകുന്നേരം ആറു മണിയോടുകൂടി കുട്ടിയെ കൊട്ടാരക്കര പോലീസ് സ്റ്റേഷനിൽ കൊണ്ടുവന്ന് വനിതാ പോലീസിന്റെ സഹായത്തോടെ കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ ചികിത്സയ്ക്ക് വിധേയയാക്കുകയും 10-2-2013-ന് കുട്ടിയുടെ മൊഴിയുടെ അടിസ്ഥാനത്തിൽ കൊട്ടാരക്കര പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്യുകയും കൊല്ലം ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയുടെ നിർദ്ദേശപ്രകാരം മഹിളാ മന്ദിരത്തിൽ പാർപ്പിച്ചിരിക്കുകയുമാണ്. കന്യാകുമാരി ജില്ലയിൽ നടന്ന സംഭവമായതിനാൽ കേസ് 10-02-2013-ൽത്തന്നെ

തമിഴ്നാട് പോലീസിന് കൈമാറിയിട്ടുണ്ട്. കുട്ടിയെ പീഡിപ്പിച്ച രാജേഷിനെ കൊട്ടാരക്കര പോലീസ് സ്റ്റേഷനിൽ ചോദ്യം ചെയ്തുവരുന്നു. ഇത് നടന്നത് മറ്റൊരു സംസ്ഥാനത്തായതിനാൽ സംസ്ഥാന ഗവൺമെന്റിന് പരിമിതികളുണ്ടെങ്കിലും കുട്ടിക്ക് ആവശ്യമായ നിയമ സംരക്ഷണം ഉൾപ്പെടെ നൽകിയിട്ടുണ്ട്.

**(9) <u>പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കൽ</u>**

<u>ശ്രീ. ബാബു എം. പാലിശ്ശേരി</u> : കുന്നംകുളം ഗേൾസ് ഹൈസ്കൂൾ മുതൽ ചാട്ടുകുളം വരെയുള്ള രണ്ടര കിലോമീറ്റർ ദൂരത്തെ കാലപ്പഴക്കമുള്ള 700 എം.എം. പ്രിമോ പൈപ്പ് ലൈൻ മാറ്റിസ്ഥാപിക്കാൻ അടിയന്തര നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. പി.ജെ. ജോസഫ്</u>) : കുന്നംകുളം മുതൽ ചാട്ടുകുളം വരെയുള്ള ഭാഗത്തെ വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കുന്നതിലേയ്ക്കായി 200 ലക്ഷം രൂപയുടെ പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. സ്ഥലം എം.എൽ.എ.-യുടെ കത്തിൻപ്രകാരം പ്രസ്തുത പ്രവൃത്തി വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിലുൾപ്പെടുത്തി നേരത്തെ ചെയ്യുവാൻ കഴിയുമോയെന്ന് ഗൗരവമായി പരിശോധിക്കുന്നതാണ്.

**(10) <u>സ്ഥാനികമാരുടെ വേതനം വർദ്ധിപ്പിക്കൽ</u>**

<u>ശ്രീ. എൻ.എ. നെല്ലിക്കുന്ന്</u> : ക്ഷേത്ര സ്ഥാനികമാരുടെ വേതനം വർദ്ധിപ്പിക്കാനും 2012 ജൂൺ മുതലുള്ള കുടിശ്ശിക നൽകാനും 2011 ഫെബ്രുവരി മുതൽ അപേക്ഷ നൽകി കാത്തിരിക്കുന്നവർക്ക് ധനസഹായം നൽകാനും നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (<u>ശ്രീ. വി.എസ്. ശിവകുമാർ</u>) : അർഹതയുടെ അടിസ്ഥാനത്തിൽ തെരഞ്ഞെ

ടുക്കപ്പെട്ട ആചാരസ്ഥാനികന് പ്രതിമാസം 800/- രൂപയും കോലധാരിക്ക് 700/- രൂപയും അനുവദിച്ചുവരുന്നുണ്ട്. 2011-ലെ സർക്കാർ ഉത്തരവുപ്രകാരം അംഗീകാരം നൽകിയ 1203 ആചാരസ്ഥാനികർക്കും 278 കോലധാരികൾക്കും ഒരു വർഷത്തെ ധനസഹായ വിതരണത്തിനും സർക്കാർ പരിശോധിച്ചു വരുന്ന 690 പുതിയ അപേക്ഷകർക്കുള്ള ധനസഹായത്തിനുംകൂടി ഒരു വർഷത്തേയ്ക്ക് 2,04,01,200/-രൂപ ആവശ്യമാണ്. ബഡ്ജറ്റിൽ ഒരു കോടി രൂപ മാത്രമേ വകയിരുത്തിയിട്ടുള്ളൂ. ഇപ്പോൾ നൽകിക്കൊണ്ടിരിക്കുന്ന തുക വർദ്ധിപ്പിക്കാനും പുതിയ അപേക്ഷകർക്ക് ഈ അലവൻസ് നൽകാനും കൂടുതൽ തുക ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കാൻ ശ്രമം നടത്തുന്നതാണ്.

## (11) സ്വതന്ത്ര കൗൺസിൽ രൂപീകരണം

ശ്രീ. മോൻസ് ജോസഫ്: ശാരീരിക-മാനസിക-വൈകാരിക പ്രശ്നങ്ങൾ നേരിടുന്നവരുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യം കണക്കിലെടുത്ത് കേരളത്തിൽ ഒക്കുപ്പേഷണൽ തെറാപ്പിക്ക് സ്വതന്ത്ര കൗൺസിൽ രൂപീകരിക്കാൻ നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) : സംസ്ഥാനത്ത് ഒരു പാരാമെഡിക്കൽ കൗൺസിൽ രൂപീകൃതമായിട്ടുള്ള സാഹചര്യത്തിൽ പ്രത്യേകം കൗൺസിലുകൾ രൂപീകരിക്കുന്നത് പ്രായോഗികമല്ലാത്തതിനാൽ പാരാമെഡിക്കൽ കൗൺസിലിൽ ഒക്കുപ്പേഷണൽ തെറാപ്പി ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുന്നതാണ്.

## (12) വിഴിഞ്ഞം മത്സ്യബന്ധന തുറമുഖം

ശ്രീമതി ജമീലാ പ്രകാശം: വിഴിഞ്ഞം മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണ പ്രവൃത്തികൾ ത്വരിതപ്പെടുത്തുന്നതിനും ഖബർ സംരക്ഷണം, ചുറ്റുമതിൽ നിർമ്മാണം തുടങ്ങിയ കാര്യങ്ങളിൽ പ്രാദേശികമായി നില നിൽക്കുന്ന തർക്കം പരിഹരിക്കുന്നതിന് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സർവ്വകക്ഷി യോഗം വിളിക്കുന്നതിനും തുറമുഖം ഔപചാരികമായി കമ്മീഷൻ ചെയ്യുന്നതിനുമാവശ്യമായ അടിയന്തര നടപടി സ്വീകരിക്കണം.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) : വിഴിഞ്ഞം മത്സ്യബന്ധന തുറമുഖത്തിനുവേണ്ടി 704 ലക്ഷം രൂപ അടങ്കൽ തുക വരുന്ന പദ്ധതിക്ക് 1987-ൽ ഭരണാനുമതി ലഭിക്കുകയും 270 മീറ്റർ നീളമുള്ള ഉപപുലിമുട്ട്, പ്രധാന പുലിമുട്ടിന്റെ നീളം 100 മീറ്റർ വർദ്ധിപ്പിക്കൽ, ആഫീസ് കെട്ടിട നിർമ്മാണം എന്നിവ പൂർത്തിയാക്കിയിട്ടുള്ള തുമാണ്. മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണത്തിന് സ്ഥലം ഏറ്റെടു ക്കുന്നതിനും പുനരധിവാസത്തിനും കാലവിളംബം നേരിട്ടതിനാൽ കീവാൾ, ലേലപ്പുര, ഗിയർഷെഡ് എന്നിവയുടെ നിർമ്മാണം യഥാസമയം ആരംഭിക്കു വാൻ കഴിഞ്ഞില്ല. വാർഫ്, രണ്ട് ലേലപ്പുരകൾ, ആന്തരിക റോഡുകൾ, 4000 സ്ക്വയർ മീറ്റർ പാർക്കിംഗ് സ്ഥലം, ടോയ്ലറ്റ് എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. ഇതിനോടകം 1665 ലക്ഷം രൂപ ഇതിനായി ചെലവഴിച്ചിട്ടുണ്ട്. പ്രാദേശിക പ്രശ്നങ്ങൾ മൂലമുണ്ടായ തടസ്സങ്ങൾ കാരണം ഖബർ സംരക്ഷണം, ചുറ്റുമ തിൽ നിർമ്മാണം എന്നിവ പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. ഹാർബർ പൂർണ്ണതോതിൽ പ്രവർത്തിക്കുന്നതിന് ഡ്രെഡ്ജിംഗ്, ഗേറ്റ് ഹൗസ്, യാർഡ് റൂം, പാർക്കിംഗ് ഏരിയ എന്നിവയുടെ നിർമ്മാണവും, വൈദ്യുതീകരണം, ജലവിതരണം എന്നിവയും പൂർത്തീകരിക്കേണ്ടതുണ്ട്. വിഴിഞ്ഞം മത്സ്യബ

ന്ധന തുറമുഖത്തിന്റെ പ്രായോഗിക തടസ്സങ്ങൾ നീക്കുന്നതിന് വിവിധതലങ്ങളിൽ ചർച്ച നടത്തിയെങ്കിലും നാളിതുവരെ ശാശ്വത പരിഹാരം കാണാൻ സാധിച്ചിട്ടില്ല.

## (13) കൊയിലാണ്ടി ഫിഷിംഗ് ഹാർബർ നിർമ്മാണം

ശ്രീ. കെ. ദാസൻ : കൊയിലാണ്ടി ഫിഷിംഗ് ഹാർബറിന്റെ ബ്രേക്ക് വാട്ടർ നിർമ്മാണം, ജെട്ടി, ലേലപ്പുര, ബണ്ട് എന്നിവയുടെ പ്രവൃത്തികൾ ആരംഭിക്കാനും ഹാർബറിന്റെ അനുബന്ധ നിർമ്മാണങ്ങളായ പാർക്കിംഗ് ഏരിയ, ലോഡിംഗ് ഏരിയ, ക്യാന്റീൻ, ഷോപ്പിംഗ് മുറികൾ, കുടിവെള്ളം, വൈദ്യുതീകരണം എന്നിവ പൂർത്തീകരിക്കാനും പുതുക്കിയ റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം നൽകിക്കൊണ്ട് ഫിഷിംഗ് ഹാർബർ നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കി കമ്മീഷൻ ചെയ്യാനുമാവശ്യമായ നടപടി സ്വീകരിക്കണം.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): 35.45 കോടി രൂപയുടെ ഭരണാനുമതി ഉണ്ടായിരുന്ന കൊയിലാണ്ടി മത്സ്യബന്ധന തുറമുഖത്തിന്റെ പുലിമുട്ട്, വാർഫ്, ലേലപ്പുര, റിക്ലമേഷൻ ബണ്ട് എന്നിവയുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. തെക്കേ പുലിമുട്ടിന്റെ തെക്കുഭാഗത്ത് അടിഞ്ഞുകൂടിയ മണ്ണ് ഡ്രഡ്ജ് ചെയ്ത് വാർഫിന്റെ പിൻവശം നികത്തുന്നതിന് പല പ്രാവശ്യം ചർച്ചകൾ നടത്തിയെങ്കിലും ഡ്രഡ്ജിംഗ് പ്രവൃത്തി മുന്നോട്ട് കൊണ്ടുപോകുവാൻ കഴിഞ്ഞില്ല. 31-03-2011-ൽ പൂർത്തീകരിക്കേണ്ടിയിരുന്ന പദ്ധതിയുടെ ശേഷിക്കുന്ന പ്രവൃത്തിക്കായി 61.13 കോടി രൂപയുടെ comprehensive report -ന് അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി പൂർത്തിയാക്കുന്നതാണ്. മാർച്ച് 2-ാം

തീയതി കേന്ദ്ര ആഭ്യന്തര സഹമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ കോഴിക്കോടു വച്ച് ഈ പദ്ധതിയുടെ റിവ്യൂ നടത്തുന്നതാണ്.

## (14) ബ്രഹ്മപുരം മാലിന്യസംസ്കരണ പ്ലാന്റ്

ശ്രീ. വി. പി. സജീന്ദ്രൻ: കൊച്ചി നഗരസഭയുടെ ബ്രഹ്മപുരം മാലിന്യ സംസ്കരണ പ്ലാന്റിൽനിന്നുള്ള ദുർഗന്ധംമൂലം പരിസരവാസികൾ ബുദ്ധി മുട്ടുന്ന സാഹചര്യത്തിൽ മാലിന്യപ്രശ്നം പരിഹരിക്കാൻ അടിയന്തര നടപടി സ്വീകരിക്കണം.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): കൊച്ചി നഗരസഭയുടെ ബ്രഹ്മപുരം മാലിന്യസംസ്കരണ പ്ലാന്റിന്റെ പ്രവർത്തനത്തിൽ ചില പോരായ്മകൾ വന്നതിനാൽ ശരിയായ രീതിയിൽ പ്രവർത്തിപ്പിക്കാൻ സാധിച്ചിട്ടില്ല. അറ്റക്കുറ്റപ്പണികൾ നടത്തിയശേഷം ഒരു ഏജൻസി മുഖാന്തിരം പ്ലാന്റ് പ്രവർത്തിച്ചുവരികയാണ്. പ്ലാന്റിന്റെ പരിസ രത്ത് കൂട്ടിയിട്ടിരിക്കുന്ന മാലിന്യം ക്യാപ്പ് ചെയ്ത് പ്രശ്നം പരിഹരിക്കുന്ന തിനുള്ള നടപടി കൈക്കൊണ്ടിട്ടുണ്ട്. കൊച്ചി നഗരസഭയിലെ മാലിന്യ പ്രശ്നം ശാശ്വതമായി പരിഹരിക്കുന്നതിനായി നവീന സാങ്കേതിക വിദ്യയോടുകൂടി പ്രതിദിനം 300 ടൺ മാലിന്യം ശാസ്ത്രീയമായി സംസ്കരി ക്കുവാൻ ശേഷിയുള്ള മാലന്യ സംസ്ക്കരണ പ്ലാന്റ് പി.പി.പി. അടിസ്ഥാന ത്തിൽ സ്ഥാപിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായി വരികയാണ്.

**മേശപ്പുറത്തുവച്ച കടലാസ്സുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാ സ്സുകൾ മേശപ്പുറത്തുവച്ചു.

**വ്യക്തിപരമായ വിശദീകരണം**

**<u>വനിതാ അംഗങ്ങൾക്കു നേരെ നടന്ന പോലീസ് അതിക്രമം</u>**

<u>ശ്രീമതി ഗീതാ ഗോപി</u> : 06-02-2013-ന് ശ്രീമതി ഇ. എസ്. ബിജിമോൾ എം.എൽ.എ. യും ഞാനും പ്രവർത്തകരോടൊപ്പം സമാധാനപരമായി പ്രകടനം നടത്തവേ പോലീസ് വളരെ പ്രകോപനപരമായി പെരുമാറുകയും എം.എൽ.എ. ആണെന്ന് പറഞ്ഞിട്ടും എന്നെ പ്രകടനത്തിനിടയിൽനിന്ന് വലിച്ചിഴക്കുകയും എന്റെ വലതുകൈയ്ക്ക് പരിക്കേൽക്കുകയും ചെയ്തു. ഞാൻ എവിടത്തെ എം.എൽ.എ. ആണെന്നും ഇതിനുമുമ്പ് കണ്ടിട്ടില്ലെന്നുമുള്ള പരാമർശങ്ങൾ വനിത കോൺസ്റ്റബിൾ നടത്തുകയും പോലീസ് ബസ്സിനുള്ളി ലേയ്ക്ക് എന്നെ ശക്തിയായി തള്ളുകയും ചെയ്തു. അതിനു ശേഷം നന്ദാവനം സ്റ്റേഷനിൽ എത്തിച്ചപ്പോഴേയ്ക്കും ഞാൻ അവശയാകുകയും ചെയ്തു. എം.എൽ.എ. ആരാണെന്ന് അന്വേഷിച്ചു പോലീസുകാർ വന്നെങ്കിലും ഞാൻ പ്രതികരിച്ചില്ല. പോലീസിന്റെ ഭാഗത്തുനിന്നുണ്ടായ നടപടികളിൽ ശക്തിയായി പ്രതിഷേധിക്കുന്നതോടൊപ്പം ഉത്തരവാദികളായ ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്യണമെന്ന് ആവശ്യപ്പെടുകയുമാണ്.

<u>മി. സ്പീക്കർ</u>: ഇതുമായി ബന്ധപ്പെട്ട് ആഭ്യന്തര വകുപ്പുമന്ത്രി ജുഡീഷ്യൽ അന്വേഷണത്തിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**<u>നിയമ നിർമ്മാണകാര്യം</u>**

**താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും**

**(1) <u>2013-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ</u>**

സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി <u>(ശ്രീ. സി.എൻ. ബാലകൃഷ്ണൻ):</u> 2013-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു.

<u>മി. സ്പീക്കർ :</u> ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

<u>**പ്രസ്താവന**</u>

<u>**സഹകരണ സംഘങ്ങളെ പിരിച്ചുവിട്ട നടപടി സംബന്ധിച്ച്**</u>

പ്രതിപക്ഷ നേതാവ് <u>(ശ്രീ. വി.എസ്. അച്ചുതാനന്ദൻ)</u>: നിയമവിരുദ്ധമായ നിലയിൽ സഹകരണ സംഘങ്ങളെ പിരിച്ചുവിട്ട പ്രവൃത്തി തിരുത്താൻ തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് വാക്കൗട്ട് നടത്തുന്നു.

(തെരഞ്ഞെടുക്കപ്പെട്ട സംഘങ്ങളെ പിരിച്ചുവിട്ട സർക്കാരിന്റെ നടപടിയിൽ പ്രതിഷേധിച്ച് പ്രതിപക്ഷം ഒന്നടങ്കം സഭ വിട്ട് പുറത്തുപോയി)

<u>**ക്രമപ്രശ്നം**</u>

<u>**ബില്ലിലെ അപാകതകൾ സംബന്ധിച്ച്**</u>

(ശ്രീ. കോടിയേരി ബാലകൃഷ്ണൻ ക്രമപ്രശ്നം ഉന്നയിച്ച് നോട്ടീസ് നൽകിയിരുന്നു.)

<u>ശ്രീ. സി.എൻ. ബാലകൃഷ്ണൻ:</u> ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം വിശദീകരിക്കുന്ന മെമ്മോറാണ്ടം ബില്ലിനോടൊപ്പം കൊടുത്തിട്ടുണ്ടെങ്കിലും സാധാരണ സ്വഭാവത്തോടുകൂടിയുള്ളതാണെന്ന് പ്രസ്താവിക്കാൻ വിട്ടുപോയെന്ന പിശകു സംഭവിച്ചതിൽ ഖേദിക്കുന്നു. ബില്ലിലെ ക്ലാസ് 14(5) -ലെ പരാമർശങ്ങൾ നിയമ വിരുദ്ധമോ ഭരണഘടനാ വിരുദ്ധമോ അല്ല. ക്ലാസ് 19 പ്രകാരം 'പൊതുയോഗത്തിന്റെ എണ്ണം നിർണ്ണയിക്കപ്പെടുന്ന പ്രകാരം' എന്നാണ്. നിർണ്ണയിക്കപ്പെടുകയെന്നാൽ ചട്ടങ്ങൾമൂലം നിർണ്ണയിക്കപ്പെടുകയെന്നുള്ളതായതുകൊണ്ട് ഇക്കാര്യത്തിൽ സർക്കാർ ചട്ടങ്ങൾ നിർമ്മിക്കുന്നതാണ്. ഈ വ്യവസ്ഥ ഭരണഘടനാഭേദഗതി നിർദ്ദേശത്തിലെ

അനുച്ഛേദപ്രകാരം ഉൾപ്പെടുത്തിയിട്ടുള്ളതുകൊണ്ട് ഒബ്ജക്ഷൻ നിലനിൽക്കുന്നതല്ല.

**റൂളിംഗ്**

മി. സ്പീക്കർ: നിയമസഭാ നടപടി ചട്ടം 74 പ്രകാരം നിയമനിർമ്മാണ അധികാരങ്ങൾ ഏൽപ്പിച്ചുകൊടുക്കുന്നതിനുവേണ്ടിയുള്ള നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന ബില്ലിനോടൊപ്പം അവയുടെ വ്യാപ്തിയിലേയ്ക്ക് ശ്രദ്ധക്ഷ ണിക്കേണ്ടതും അവ സാധാരണമോ പ്രത്യേക സ്വഭാവത്തോടുകൂടി യതോയെന്ന് വ്യക്തമാക്കുന്ന മൊമ്മോറാണ്ടം ചേർക്കേണ്ടതുമാണ്. അപ്ര കാരം വ്യക്തതയോടെ വിശദീകരണ മെമ്മോറാണ്ടം ബില്ലിൽ ചേർത്തിട്ടി ല്ലെന്ന അപാകതയുണ്ട്. അത് മന്ത്രി സമ്മതിച്ചതുമാണ്. നിയമവകുപ്പ് ഇക്കാര്യത്തിൽ ശ്രദ്ധചെലുത്തണമെന്ന് ഓർമ്മിപ്പിക്കുന്നു. ഒരു ബില്ലിന്റെ വ്യവസ്ഥകൾ ഭരണഘടനയ്ക്ക് വിരുദ്ധമാണെന്ന പ്രശ്നം ഇതിനുമുൻപ് പല പ്പോഴും സഭയിൽ ഉയർന്നു വന്നിട്ടുണ്ട്. അങ്ങനെയുള്ള പ്രശ്നം സഭയുടെ കളക്ടീവ് വിസ്ഡം മുഖേനയും ആത്യന്തികമായി നിയമ കോടതികളിലൂ ടെയും തീരുമാനിക്കപ്പെടുന്നതാണെന്നാണ് അപ്പോൾ സഭ എടുത്തിട്ടുള്ള നിലപാട്. പ്രസ്തുത നിലപാട് ഈ ബില്ലിന്റെ കാര്യത്തിലും ചെയർ എടുക്കു ന്നു. അതുകൊണ്ട് ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഉന്നയിച്ച തടസ്സവാദം നിരാകരിക്കുന്നു.

സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി (ശ്രീ. സി.എൻ. ബാലകൃഷ്ണൻ): 2013-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും

സംബന്ധിച്ച XI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി ( ശ്രീ. അനൂപ് ജേക്കബ്) : പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. സി.എൻ. ബാലകൃഷ്ണൻ: ഇന്നലെ 11 സ്ഥലങ്ങളിലായി നടന്ന ജില്ലാ സഹകരണ ബാങ്കിന്റെ ഇലക്ഷൻ ഒന്നോ രണ്ടോ സ്ഥലത്ത് കുറച്ച് വോട്ട് ചെയ്ത ശേഷം എൽ.ഡി.എഫ്. ബഹിഷ്ക്കരിച്ചു. തെരഞ്ഞെടുപ്പ് നിയമാനുസൃതമാണ് നടത്തിയത്. തോൽവി വരുമെന്നുകാണുമ്പാൾ എൽ. ഡി.എഫ്. .കാർ ഇത്തരത്തിലുള്ള കാര്യങ്ങൾ ചെയ്യുന്നത് പ്രതിഷേധാർഹമാണ്. സഹകരണ മേഖലയിൽ ജനാധിപത്യം പരിപൂർണ്ണമായി പാലിച്ചുകൊണ്ടാണ് ഗവണ്മെന്റ് മുന്നോട്ടുപോകുന്നത്. സഹകരണ സംഘങ്ങളുടെ ആസ്തി ബാധ്യതകൾ യഥാസമയം ആഡിറ്റ് ചെയ്താൽ മാത്രമേ പ്രവർത്തനം വിലയിരുത്താൻ സാധിക്കൂ. അതാത് കാലത്തുള്ള ആഡിറ്റ് അതാത് കാലത്ത് ചെയ്തു തീർക്കാനുള്ള കർശനമായ നിർദ്ദേശം ബില്ലിലുണ്ട്. ആഡിറ്റ് ചെയ്തത് പൊതുയോഗത്തിൽ വച്ച് ചർച്ച ചെയ്ത് നഷ്ടമുണ്ടെങ്കിൽ അത് ലാഭകരമാക്കാനുള്ള പ്രവർത്തനങ്ങൾ നടത്തണമെന്നുള്ളത് ബില്ലിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഭരണഘടനയുടെ ഉള്ളിൽ നിന്നുകൊണ്ട് എല്ലാ സംഘങ്ങളിലും യഥാസമയം തെരഞ്ഞെടുപ്പ് നടത്താൻ തീരുമാനിച്ചിരിക്കുന്നു. 97-ാം ഭരണഘടനാ ഭേദഗതി നിലവിൽ വരുമ്പോൾ സംസ്ഥാനത്തെ നിയമത്തിൽ മാറ്റം വരുത്തണം. അതിന് മാറ്റം വരുത്തി സഹകരണ മേഖല ഏറ്റവും നല്ല രീതിയിൽ മുന്നോട്ടുകൊണ്ടുപോകാൻ പറ്റുന്ന തരത്തിലാണ് നിയമം അവതരിപ്പിച്ചിട്ടുള്ളത്.

(ശ്രീ. കെ. അജിത് സീറ്റിലില്ലാത്തതിനാൽ 1 (എ) നമ്പർ ഭേദഗതി അവതരിപ്പിക്കപ്പെട്ടില്ല).

ശ്രീ. വി.ഡി. സതീശൻ: 2013-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 28–2–2013 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. സംസ്ഥാനത്ത് സഹകരണ പ്രസ്ഥാനത്തെ എങ്ങനെ ഗുണകരമാക്കാമെന്ന പ്രധാനപ്പെട്ട വിഷയമാണ് കേരള സഹകരണ സംഘ (ഭേദഗതി) ബില്ലിലൂടെ നിർവ്വഹിക്കാനുള്ളത്. ഭരണഘടനാ ഭേദഗതി 243 2 (j) അനുസരിച്ച് സംസ്ഥാന സർക്കാരുകൾ ഈ അമെന്റ്മെന്റ് പാസ്സാക്കുന്നതുവരെയോ അല്ലെങ്കിൽ ഒരുകൊല്ലമോ ഏതാണ് കുറവുകാലഘട്ടം അതുവരെ നിലവിലുള്ള സംവിധാനം മാത്രമേ നിലനിൽക്കുകയുള്ളൂയെന്നാണ്. ആർട്ടിക്കിൾ 19(1) (സി) വകുപ്പ് പ്രകാരം കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്ക് അസോസിയേഷനുകളും യൂണിയനുകളും ഉണ്ടാക്കാനുള്ള അവകാശം ഇപ്പോൾ തന്നെ ഭരണഘടനയിലുണ്ട്. നിലവിൽ 19(1) (സി)-ൽ ഇത് ബാധകമാണെന്നുള്ളതുകൊണ്ട് സ്റ്റാന്റിംഗ് കമ്മിറ്റി നിർബന്ധിച്ചാൽ സർക്കാരിന് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് എന്ന് ചേർക്കുന്നതിന് വിരോധമില്ല. ഇൻഡ്യയിലെ എല്ലാ സംസ്ഥാനങ്ങളുടേയും അംഗീകാരത്തോടുകൂടിയാണ് 97-ാമത് ഭരണഘടനാ ഭേദഗതി പാർലമെന്റ് പാസ്സാക്കിയത്. അതുകൊണ്ടാണ് 19(1) (സി) ഇപ്പോൾ മാറി കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് എന്ന് ചേർക്കപ്പെട്ടത്. മൗലികതത്വങ്ങളിലും നിർദ്ദേശകതത്വങ്ങളിലും അമെന്റ്മെന്റ് വരുത്തുമ്പോൾ സഹകരണസ്ഥാപനങ്ങൾക്കുള്ള പ്രാധാന്യം വർദ്ധിക്കുമെന്ന കാര്യത്തിൽ സംശയമില്ല. ഭരണഘടനാ ഷെഡ്യൂളിൽ പറഞ്ഞിരിക്കുന്ന ഒരു സ്റ്റേറ്റ് സബ്ജക്ടിൽ മൾട്ടിസ്റ്റേറ്റ് സൊസൈറ്റിക

ളുടെ കാര്യത്തിൽ നിയന്ത്രണങ്ങൾ അടിച്ചേൽപ്പിക്കുന്നത് ശരിയല്ല. പ്രൈമറി സൊസൈറ്റികൾ ഉൾപ്പെട്ട ഒരു സ്റ്റേറ്റ് സബ്ജക്ട് എന്ന നിലയിൽ സഹകരണ നിയമത്തിൽ പറഞ്ഞിരിക്കുന്ന പല കാര്യങ്ങളും നടപ്പിലാക്കാൻ സാധിക്കാത്ത സ്ഥിതിവിശേഷമാണ് ഇതിലൂടെ സംജാതമാകാൻ പോകുന്നത്. ദേശീയ തലത്തിലുള്ളൊരു ഫ്രെയിംവർക്കും അതിനുവേണ്ടിയുള്ള നിർദ്ദേശവും ഉൾപ്പെടെ ഭരണഘടനയിൽ സാധ്യമായ ഭേദഗതികളും മൗലിക നിർദ്ദേശക തത്വങ്ങളിലുള്ള അമെന്റ്മെന്റുകളുമുൾപ്പെടെയുള്ള എട്ട് മാറ്റങ്ങളാണ് ഈ ഭരണഘടനാ ഭേദഗതിയിലൂടെ കൊണ്ടുവന്നിരിക്കുന്നത്. അതിൽ തന്നെ പല കാര്യങ്ങളും ഗവൺമെന്റ് നേരത്തെതന്നെ നടപ്പിലാക്കിയിട്ടുണ്ട്. നിലവിലുള്ള നിയമ ഭേദഗതിയിലൂടെ സൊസൈറ്റികളുടെ കാലാവധി അഞ്ച് വർഷമായി നിജപ്പെടുത്തിയിരിക്കുകയാണ്. സൊസൈറ്റികളിൽ ഇടക്കാലത്തുണ്ടാകുന്ന ഒഴിവുകളിലേയ്ക്ക് നോമിനേറ്റ് ചെയ്യാനുള്ള അധികാരം കോൺസ്റ്റിറ്റ്യൂഷണൽ അമെന്റ്മെന്റിലൂടെ ബോർഡുകൾക്ക് നൽകിയിരിക്കുകയാണ്. നിലവിലുള്ള നിയമത്തിൽ. സഹകരണ മേഖലയിൽ ഫലപ്രദവും സുതാര്യവുമായ അക്കൗണ്ടിംഗ് സംവിധാനവും ഓഡിറ്റിംഗ് സമ്പ്രദായവും നടപ്പിലാക്കണം. നിലവിലുള്ള നിയമമനുസരിച്ച് ഓഡിറ്റ് റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള സമയം ആറ് മാസവും പ്രസ്തുത ബിൽ പ്രകാരം അതിന്റെ പ്രോസസ്സിംഗ് പൂർത്തീകരിക്കുന്നതിനുള്ള സമയപരിധി എട്ട് മാസവുമെന്ന നിബന്ധനയിൽ മാറ്റം വരുത്തണം. സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കുകളിലും ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്കുകളിലും ക്രെഡിറ്റ് സൊസൈറ്റികളിലും ഫലപ്രദമായ ഒരു കോമൺ അക്കൗണ്ടിംഗ് സംവിധാനവും പുതിയ സോഫ്റ്റ്വെയറും ഉണ്ടാക്കുന്ന കാര്യത്തിൽ പ്രത്യേക പരിഗണന നൽകണം. എല്ലാ സഹകരണസ്ഥാ

പനങ്ങളും ആറു മാസം കൂടുമ്പോൾ ആന്വൽ ജനറൽ ബോഡി കൂടണമെന്നുള്ള ഭേദഗതി പുനഃപരിശോധിക്കണം. “Miscellaneous Societies” എന്നതിന് ഡെഫനിഷൻ നൽകേണ്ടതില്ല. ഡെഫനിഷൻ ക്ലോസ് II A(b)-യിൽ “Preparation of Audit Report” എന്നുകൂടി എഴുതിച്ചേർക്കണം. “Ward” അടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പ് നടത്തണമെന്ന് പറഞ്ഞിരിക്കുന്നതിലെ അവ്യക്തത ഒഴിവാക്കാൻ “Ward” കൃത്യമായി ഡിഫൈൻ ചെയ്യണം. നഷ്ടത്തിലാകുന്ന സൊസൈറ്റികളിലെ ജീവനക്കാർക്ക് ശമ്പളം കൊടുക്കാൻ വ്യക്തമായ ഒരു സ്കീം കൊണ്ടുവരണം. അംഗങ്ങളുടെ അവകാശങ്ങൾ പരിധിവിട്ട് നിയന്ത്രിക്കുന്നത് ഉചിതമല്ല. തുടർച്ചയായി രണ്ട് വർഷം സൊസൈറ്റിയുമായി ഒരു ഇടപാടും നടത്താത്തവരുടെ അംഗത്വം നഷ്ടമാകുമെന്ന് പറയുന്നത് ജനാധിപത്യവിരുദ്ധമാണ്. സെക്ഷൻ 32-ന്റെ അമെന്റ്മെന്റിലെ Stalemate condition സൂപ്പർസീഡ് ചെയ്യുന്നതിനുള്ള കാരണങ്ങൾ എഴുതിച്ചേർത്തിരിക്കുന്നത് പരിശോധിക്കണം. സെക്ഷൻ 31-ൽ ഗവണ്മെന്റ് നോമിനി വേണമെന്നുള്ള അമെന്റ്മെന്റ് ഏത് സാഹചര്യത്തിലാണ് ഉൾപ്പെടുത്തിയതെന്ന് വ്യക്തമാക്കണം. സംസ്ഥാനത്തെ സഹകരണ പ്രസ്ഥാനങ്ങൾ ഫലപ്രദമായി പ്രവർത്തിക്കണമെന്നതാണ് ഭരണഘടനാ ഭേദഗതിയുടെ ലെജിസ്ലേറ്റീവ് ഇന്റൻഷൻ. സഹകരണ സ്ഥാപനങ്ങളിൽ നടക്കുന്ന ഇടപാടുകൾ സുതാര്യവും ഇഫക്ടീവും ജനാധിപത്യപരവുമായിരിക്കണം. സഹകരണ സ്ഥാപനങ്ങളിലെ മെമ്പർമാരുടെ ഇൻവോൾവ്മെന്റ് ഉറപ്പുവരുത്തുകയും അതിന്മേൽ ഗവൺമെന്റിന്റെ നിയന്ത്രണം ഉണ്ടായിരിക്കുകയും വേണം.

<u>ശ്രീ. റ്റി. എ. അഹ്മദ് കബീർ</u>: 2013-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. 2011-ലെ 97-ാമത്തെ ഭേദഗതി സഹകരണ പ്രസ്ഥാനത്തിന് ഭരണഘടനാപരമായ അംഗീകാരം നൽകിയിട്ടുണ്ട്. ക്ലോസ് 16(എ)(ബി)യിൽ അംഗങ്ങൾക്ക് നിശ്ചയിച്ചിരിക്കുന്ന യോഗ്യത എല്ലാവർക്കും അംഗങ്ങളാകുവാൻ കഴിയുന്ന രീതിയിൽ വ്യവസ്ഥ ചെയ്യണം. ക്ലോസ് 28(1) ഒഴിവാക്കുകയോ വ്യക്തത വരുത്തുകയോ വേണം. 28(ബി) പ്രകാരം സഹകരണ ഇലക്ഷനു വേണ്ടി രൂപീകരിക്കുന്ന പ്രത്യേക അതോറിറ്റിക്ക് പൂർണ്ണ സ്വാതന്ത്ര്യം നൽകണം. പ്രാഥമിക സഹകരണ ബാങ്കുകളിലെ തെരഞ്ഞെടുപ്പ് ഒറ്റ ദിവസംതന്നെ നടത്താൻ കഴിയുമോ എന്നത് പരിശോധിക്കണം. 31(2)(എ) പ്രകാരം അപ്പെക്സ് സൊസൈറ്റിയിൽനിന്നും നോമിനേറ്റ് ചെയ്യപ്പെടുന്ന വ്യക്തികൾക്ക് പൂർണ്ണമായ അധികാരം കൊടുക്കണം. ക്ലോസ് 32-ന്റെ പരിധിയിൽ വരുത്തുന്ന ഭേദഗതികൾ പ്രാഥമിക കാർഷിക ബാങ്കുകളുടെ പ്രവർത്തനങ്ങൾക്ക് തടസ്സമാകരുത്. കൺകറന്റ് ആഡിറ്റ്, അഡ്മിനിസ്ട്രേറ്റീവ് ആഡിറ്റ് എന്നിവയുടെ സാധ്യതകൾ സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തന ശൈലികൾക്ക് ഇണങ്ങുംവിധം ഭേദഗതി ചെയ്യണം. സഹകരണ മേഖലയിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ നിലനിർത്തണം. സഹകരണ മേഖല ശക്തിപ്പെടുത്താനുതകുന്ന നിയമ നിർമ്മാണം നടത്തണം.

സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി <u>(ശ്രീ. സി. എൻ. ബാലകൃഷ്ണൻ)</u>: ഈ ബിൽ

സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

2013-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ ഭക്ഷ്യവും സിവിൽസപ്ലൈസും സഹകരണവും സംബന്ധിച്ച XI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീ കരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയച്ചു.

(പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ സഭയിൽ തിരിച്ചെത്തി)

### (2) <u>**2013-ലെ കേരള മുദ്രപ്പത്ര (ഭേദഗതി) ബിൽ**</u>

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേ ഷനും വകുപ്പുമന്ത്രി <u>(ശ്രീ. അനൂപ് ജേക്കബ്):</u> 2013-ലെ കേരള മുദ്രപ്പത്ര (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യങ്ങൾ വിശദീകരിച്ചു കൊണ്ടുള്ള സ്റ്റേറ്റുമെന്റും മേശപ്പുറത്തുവയ്ക്കുന്നു.

<u>മി. ചെയർമാൻ:</u> ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേ ഷനും വകുപ്പുമന്ത്രി <u>(ശ്രീ. അനൂപ് ജേക്കബ്):</u> 2013-ലെ കേരള മുദ്രപ്പത്ര (ഭേദഗതി) ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി <u>(ശ്രീ. എ. പി. അനിൽകുമാർ)</u> : പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. സി. ദിവാകരൻ: I move that-“This House resolves to disapprove The Kerala Stamp (Amendment) Ordinance, 2013 (Ordinance No. 5 of 2013)”. ന്യായവില നിജപ്പെടുത്തിയതിൽ പരാതിയുള്ള ഏതൊരാൾക്കും അത് പ്രസിദ്ധീകരിച്ച് മുപ്പത് ദിവസത്തിനകം കളക്ടർക്ക് അപ്പീൽ ഫയൽ ചെയ്യാവുന്നതാണെന്ന (ഭേദഗതി) ബില്ലിലെ വ്യവസ്ഥ അപ്രായോഗികമായതിനാൽ ‘മുപ്പത് ദിവസത്തിനകം’ എന്നുള്ളത് ചുരുക്കേണ്ടതാണ്. വ്യാജ മുദ്രപത്രങ്ങൾ വിതരണം ചെയ്യുന്ന ധാരാളം കേസുകൾ നിലവിലുള്ളതിനാൽ മുദ്രപ്പത്ര വിതരണം, പ്രിന്റിംഗ്, വില നിശ്ചയിക്കൽ, വെണ്ടർമാർക്ക് ലൈസൻസ് നൽകൽ എന്നീ വിഷയങ്ങളിൽ സുതാര്യത വരത്തക്കരീതിയിൽ ബില്ലിൽ ഭേദഗതി കൊണ്ടുവരണം.

ശ്രീ. എം. ഹംസ: 2013-ലെ കേരള മുദ്രപ്പത്ര (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-03-2013 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഭൂമിയുടെ ന്യായവില നിജപ്പെടുത്തിയതുമായി ബന്ധപ്പെട്ട് നൽകുന്ന പരാതികളിൻമേൽ അന്തിമ തീരുമാനമെടുക്കാൻ കളക്ടറെ ചുമതലപ്പെടുത്തുന്നതോടൊപ്പം പരാതിക്കാരന് പറയാനും കേൾക്കാനുമുള്ള സാഹചര്യം ഉറപ്പുവരുത്തണം. രജിസ്ട്രേഷൻ വകുപ്പിലെ അഴിമതികൾ ഇല്ലാതാക്കാനും സിവിൽ സർവ്വീസിനെ കാര്യക്ഷമമാക്കാനുമാവശ്യമായ കാഴ്ചപ്പാടോടുകൂടിയുള്ള നിയമനിർമ്മാണം ഉണ്ടാകണം. വ്യാജ ആധാര രജിസ്ട്രേഷനുകൾ അട്ടപ്പാടിയിലെ ഒരു വില്ലേജിൽ നടന്നിട്ടുണ്ടെന്ന ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സമിതിയുടെ റിപ്പോർട്ട് ഗൗരവത്തിലെടുക്കണം. ഭൂപരിഷ്ക്കരണ നിയമങ്ങൾ ശരിയായ രീതിയിൽ പാലിക്കപ്പെടണം. ഇടനിലക്കാരെ ഒഴിവാക്കിക്കൊണ്ട് ജനങ്ങളോട് നേരിട്ട് ഇടപെ

ടാൻ കഴിയുന്ന രീതിയിൽ രജിസ്ട്രേഷൻ വകുപ്പിനെ സുതാര്യമാക്കണം. പൗരാവകാശ രേഖയിൽ പ്രതിപാദിക്കുന്ന സേവനങ്ങൾ ഉറപ്പാക്കുന്നതിനും സോഷ്യൽ ഓഡിറ്റ് നടപ്പാക്കുന്നതിനും രജിസ്ട്രേഷൻ വകുപ്പിനെ കാര്യക്ഷമ മാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണം.

ശ്രീ. ബെന്നി ബെഹനാൻ: 2013-ലെ കേരള മുദ്രപ്പത്ര (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഫെയർവാല്യു നിശ്ചയിക്കുന്നതിലെ മാനദണ്ഡം സംബന്ധിച്ച് ശാസ്ത്രീയ പഠനം നടത്തണം. രജിസ്ട്രേഷൻ വകുപ്പിനെ ആധുനികവൽക്കരിക്കണം. രജിസ്ട്രേഷൻ ആവശ്യങ്ങൾക്ക് മുദ്രപ്പത്രങ്ങൾ വേണമെന്ന നിബന്ധന ഒഴിവാക്കിക്കൊണ്ട് ഈ വകയിൽ സർക്കാരിന് ലഭിക്കേണ്ട പണം ട്രഷറിയിലടച്ച് ചെലാൻ ഹാജരാക്കുന്നതിനുള്ള സംവിധാ നമുണ്ടാക്കിയാൽ വ്യാജമുദ്രപ്പത്രത്തട്ടിപ്പുകൾ തടയാൻ സാധിക്കും. അന്യസംസ്ഥാന ഭൂമാഫിയകളെ നിയന്ത്രിക്കുന്നതിനും ഭൂമിയുടെ മേലുള്ള കടന്നാക്രമണം തടഞ്ഞ് സംരക്ഷിക്കുന്നതിനുംവേണ്ടി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് ഫലപ്രദമായ നിയമനിർമ്മാണം നടത്തുന്നതിനെ ക്കുറിച്ച് ആലോചിക്കണം.

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): 2010 ഏപ്രിൽ മാസം ഒന്നാം തീയതി പ്രസിദ്ധപ്പെടുത്തിയ വസ്തുവിന്റെ ന്യായവില സംബന്ധിച്ച് വ്യാപകമായ പരാതികളുണ്ടായിരിക്കുകയാണ്. വസ്തുവിന്റെ വില കുറച്ചു കാണിച്ച് മുദ്രപ്പത്ര വില വെട്ടിക്കുന്നത് തടയുന്നതിനായി ഗസറ്റ് വിജ്ഞാ പനം ചെയ്തപ്രകാരമുള്ള ന്യായവില 2012 ഏപ്രിൽ ഒന്നാം തീയതി മുതൽ രജിസ്ട്രേഷനുവേണ്ടി ഹാജരാക്കുന്ന ആധാരങ്ങളിൽ പ്രസിദ്ധീകരിക്കേണ്ട

തുണ്ട്. ന്യായവില നിജപ്പെടുത്തിയതു സംബന്ധിച്ച് പരാതിയുള്ളവർ അത് പ്രസിദ്ധീകരിച്ച് 30 ദിവസത്തിനകം ബന്ധപ്പെട്ട ജില്ലാ കളക്ടർക്ക് അപ്പീൽ നൽകാമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. 2010-ൽ വിജ്ഞാപനം ചെയ്ത ന്യായ വിലയിൽ മിക്ക ജില്ലകളിലും പല സർവ്വേ നമ്പറുകളിലും ഡിവിഷൻ/സബ് ഡിവിഷൻ നമ്പറുകളിലും ന്യായവില കൃത്യമായി നിർണ്ണയിക്കപ്പെടാത്ത തായും ക്ലാസിഫൈ ചെയ്യാത്തതായുമുള്ള പരാതികളും കേസ്സുകളും നില നിൽക്കുകയാണ്. ന്യായവിലയിൻമേൽ പരാതി സമർപ്പിക്കുന്നതിന് 30 ദിവ സമെന്നത് ചുരുങ്ങിയ കാലപരിധിയായതിനാൽ 27-05-2010-ൽ അപ്പീൽ കാലാവധി 90 ദിവസമാക്കി ഭേദഗതി ചെയ്യുകയും തുടർന്ന് 2010-ലെ ഓർഡി നൻസ് പ്രകാരം അത് ഒരു വർഷമാക്കി ദീർഘിപ്പിച്ചു നൽകുകയും ചെയ്തു. ന്യായമായ കാരണമുണ്ടെന്ന് അതോറിറ്റിക്ക് ബോദ്ധ്യപ്പെട്ടാൽ ഒരു വർഷത്തി നുശേഷവും അപ്പീൽ അനുവദിക്കാവുന്നതാണ്. ഫെയർ വാല്യുവിന്മേലുള്ള പരാതികളിൽ എത്രയുംപെട്ടെന്ന് തീർപ്പുണ്ടാക്കാൻ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മുദ്രപ്പത്ര തട്ടിപ്പ് തടയുന്നതിനായി പൈലറ്റടിസ്ഥാനത്തിൽ ഇ-സ്റ്റാമ്പിംഗ് സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ട്. രജിസ്ട്രേഷൻ വകുപ്പ് ആധുനികവൽക്കരിക്കുന്നതിനുള്ള നടപടികളുമായി സർക്കാർ മുന്നോട്ടു പോകുകയാണ്. ആധാരമെഴുത്തുകാരുടേയും സ്റ്റാമ്പ് വെണ്ടർമാരുടേയും തൊഴിൽ സംരക്ഷിച്ചുകൊണ്ട് മോഡേണൈസേഷനിലേയ്ക്ക് നീങ്ങുന്നതി നുള്ള നടപടി സർക്കാർ സ്വീകരിക്കുന്നതാണ്. ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയ യ്ക്കണമെന്ന പ്രമേയം പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

നിരാകരണപ്രമേയം സഭ നിരാകരിച്ചു.

ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

2013-ലെ കേരള മുദ്രപ്പത്ര (ഭേദഗതി) ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

**ക്രമപ്രശ്നം**

**പ്രകടനക്കാർക്കെതിരെയുള്ള പോലീസ് നടപടി**

ശ്രീ. സി. ദിവാകരൻ : ഇന്ന് ഉച്ചയ്ക്ക് 12.00 മണിയോടുകൂടി നിയമസഭാ കവാടത്തിലേയ്ക്ക് പ്രകടനം നടത്തിയ എ.ഐ.വൈ.എഫ്. പ്രവർത്തകരെ പോലീസ് ഭീകരമായി മർദ്ദിക്കുകയും ടിയർഗ്യാസ് പൊട്ടിക്കുകയും ജലപീരങ്കി പ്രയോഗിക്കുകയും ഗ്രനേഡ് എറിയുകയും ചെയ്തതിന്റെ ഫലമായി നിരവധി ആളുകൾ ആശുപത്രിയിലായിരിക്കുകയാണ്. അനാവശ്യവും പ്രകോപനപരവുമായ നീക്കങ്ങളിലൂടെ പോലീസ് മർദ്ദനം തുടരുകയാണ്. ഇതിനെതിരെ അന്വേഷണം നടത്തണം.

മി. സ്പീക്കർ : ഇവിടെ ഉന്നയിച്ച വിഷയത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അന്വേഷിച്ച് റിപ്പോർട്ട് ചെയ്യും.

**(3) 2012-ലെ ശമ്പളവും ബത്തകളും നൽകൽ (മൂന്നാം ഭേദഗതി) ബിൽ**

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : 2012-ലെ ശമ്പളവും ബത്തകളും നൽകൽ (മൂന്നാം ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ : ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : എം.എൽ.എ. മാർക്ക് പുസ്തകങ്ങൾ വാങ്ങുന്നതിനുവേണ്ടി ഒരു വർഷം 15,000 രൂപ കൊടുക്കണമെന്നുള്ള നിർദ്ദേശത്തെ തുടർന്ന് എല്ലാവരുമായി ചർച്ച ചെയ്തെടുത്ത തീരുമാനം നടപ്പാക്കുകയാണ്. ഈ ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച XIV -ാം നമ്പർ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ) : പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. ഉമ്മൻ ചാണ്ടി:: 2012-ലെ ശമ്പളവും ബത്തകളും നൽകൽ (മൂന്നാം ഭേദഗതി) ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച XIV -ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം പാസ്സാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

2012-ലെ ശമ്പളവും ബത്തകളും നൽകൽ (മൂന്നാം ഭേദഗതി) ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

### (4) 2013-ലെ കേരള ടോൾ (ഭേദഗതി) ബിൽ

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്) : 2013-ലെ കേരള ടോൾ (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റുമെന്റും മേശപ്പുറത്ത് വയ്ക്കുന്നു.

മി. സ്പീക്കർ : ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്) : 2013-ലെ കേരള ടോൾ (ഭേദഗതി) ബിൽ മരാമത്തും ഗതാഗതവും വാർത്താ വിനിമയവും സംബന്ധിച്ച V-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ) : പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ.ടി. ജലീൽ : I move that – " This House resolves to disapprove The Kerala Tolls (Amendment) Ordinance, 2013 (Ordinance No.4 of 2013)." കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ സ്വീകരിക്കുന്ന ആഗോളവത്ക്കരണ-ഉദാരവത്ക്കരണ നയങ്ങൾ ഗതാഗതമേഖലയിലേയ്ക്കു കൂടി കടന്നുവന്നിരിക്കുകയാണ്. ഇതിന്റെ ഭാഗമായിട്ടാണ് പാലങ്ങൾക്കും റോഡുകൾക്കും ടോൾ ഏർപ്പെടുത്തുന്നത്. ഗതാഗത വികസനത്തിന് സാമ്പത്തിക ബാധ്യത കുറവുള്ള റെയിൽ, ജല ഗതാഗതം എന്നീ സംവിധാനങ്ങളെക്കുറിച്ച് ആലോചിക്കാൻ തയ്യാറാകാതെ കാർ വ്യവസായത്തെയും റിയൽ എസ്റ്റേറ്റ് മാഫിയകളെയും സഹായിക്കുന്ന നിലപാടാണ് സർക്കാർ സ്വീകരിക്കുന്നത്. ഗതാഗത സൗകര്യത്തിനായി റോൾ ഇൻ റോൾ ഔട്ട് സംവിധാനത്തെക്കുറിച്ച് സർക്കാർ ഗൗരവമായി ആലോചിക്കണം. രാജ്യത്തെ ഗതാഗത സംവിധാനങ്ങളുടെ സുഗമമായ നടത്തിപ്പിന് വാഹന നിയന്ത്രണമേർപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിക്കുകയും വിദേശത്തുനിന്നുള്ള വാഹനങ്ങളുടെ കടന്നുവരവിന് നിയന്ത്രണമേർപ്പെടുത്തുകയും വേണം. ടോൾ റോഡുകൾ നിർമ്മിക്കുന്ന കമ്പനികളുടെമേൽ ഉദാരമായ സമീപനമാണ് സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. സംസ്ഥാനത്തെ ജലപാതകളുടെ

സാദ്ധ്യത പ്രയോജനപ്പെടുത്തുന്നതിനെക്കുറിച്ചും റെയിൽപ്പാലങ്ങൾ വർദ്ധിപ്പിക്കുന്നതിനെക്കുറിച്ചും ഗൗരവമായി ആലോചിക്കണം. കേരളത്തിൽനിന്നും നികുതിയിനത്തിൽ വൻതുക പിരിച്ചെടുക്കുകയും റോഡു വികസന കാര്യത്തിൽ കേരളത്തെ ഒഴിവാക്കുകയും ചെയ്യുന്ന കേന്ദ്രസർക്കാരിന്റെ നയത്തിന് അനുകൂലമായിട്ടാണ് ഈ ഭേദഗതി ബിൽ കൊണ്ടുവന്നിരിക്കുന്നത്. ടോൾ പിരിവിനുള്ള നിർമ്മാണച്ചെലവിന്റെ പരിധി 5 കോടി രൂപയാക്കുന്നതിലൂടെ സ്ഥായിയായ എന്ത് മാറ്റമാണ് ഉണ്ടാകാൻപോകുന്നതെന്ന് വ്യക്തമാക്കണം.

ശ്രീ. എൻ. ഷംസുദ്ദീൻ: 2013-ലെ കേരള ടോൾ ( ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-6-2013 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ടോൾ ചുമത്തേണ്ട പാലത്തിന്റെ ഏറ്റവും കുറഞ്ഞ നിർമ്മാണച്ചെലവ് 5 കോടി രൂപയായി വർദ്ധിപ്പിച്ചിരിക്കുന്നതിനെ സ്വാഗതം ചെയ്യുന്നു. ഇത് പത്ത് കോടി രൂപയായി ഉയർത്തണം. ദേശീയപാതയിലെ ടോളുമായി ബന്ധപ്പെട്ട കാര്യങ്ങളും ബി.ഒ.റ്റി. അടിസ്ഥാനത്തിലുള്ള നിർമ്മാണങ്ങളും ഈ ആക്ടിന്റെ പരിധിയിൽ വരുന്നതല്ല. ഈ ആക്ടിന്റെ അവ്യക്തതകൾ പരിഹരിക്കപ്പെടണം. സെക്ഷൻ (8) പ്രകാരം പെനാൽറ്റി സംബന്ധിച്ച് എത്ര കേസ്സുകൾ എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കണം. 15 കിലോമീറ്റർ ചുറ്റളവിൽ ഒന്നിൽ കൂടുതൽ പാലങ്ങൾ ഉണ്ടെങ്കിൽ ഒന്നിനുമാത്രം ടോൾ എന്നുള്ളത് 20 കിലോമീറ്റർ എന്നാക്കി മാറ്റണം. മുച്ചക്ര വാഹനങ്ങളെ ടോൾ പിരിവിൽനിന്നും ഒഴിവാക്കണം. ടോൾ പിരിവിന്റെ കാലാവധി 10 വർഷമാക്കി ചുരുക്കണം.

<u>ശ്രീ. കെ. രാജു</u> : 2013-ലെ കേരള ടോൾ (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. നിർമ്മാണ ചെലവ് 5 കോടി രൂപയിൽ കുറവായ പാലങ്ങളെ ടോൾ പിരിവിൽനിന്ന് ഒഴിവാക്കുകയെന്ന ലക്ഷ്യത്തോടെയാണ് ഈ ബിൽ കൊണ്ടുവന്നിട്ടുള്ളത്. നിർമ്മാണ സാധനങ്ങളുടെ വില ക്രമാതീത മായി വർദ്ധിച്ച സാഹചര്യത്തിൽ ഈ തുക വളരെ അപര്യാപ്തമാണ്. മോട്ടോർ വാഹന നികുതിയിനത്തിൽ പിരിക്കുന്ന പണം ഉപയോഗിച്ച് റോഡുകളും പാലങ്ങളും ഗവൺമെന്റ് നിർമ്മിച്ച് നൽകണം. ബി.ഒ.റ്റി. വ്യവസ്ഥയിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതുവഴിയുണ്ടാകുന്ന ക്രമക്കേടുകൾ ഇല്ലാതാക്കാൻ സാധിക്കണം. റോഡുകളുടെയും പാലങ്ങളു ടെയും അനുബന്ധ റോഡുകളുടെയും നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ശാസ്ത്രീയ പഠനം നടത്തണം. റോഡ് സുരക്ഷയ്ക്കായി കേരള ത്തിന് അർഹമായ തുക ലഭിക്കാൻ കേന്ദ്ര ഗവൺമെന്റിൽ ശക്തമായ ഇടപെടൽ നടത്തണം. ടോൾ ചുമത്തേണ്ട പാലത്തിന്റെ നിർമ്മാണച്ചെലവ് 50 കോടി രൂപ വരെയായി ഉയർത്തണം. കേരളത്തിന് അർഹമായ റോഡ് ഫണ്ട് വിഹിതം ലഭ്യമാക്കാൻ കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി <u>(ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്):</u> സംസ്ഥാന സർക്കാരിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും ചെല വിൽ പൂർണ്ണമായോ ഭാഗികമായോ നിർമ്മിച്ചിട്ടുള്ള പാലങ്ങളുടെ ടോൾ സംബന്ധിച്ചാണ് ഭേദഗതി ബിൽ കൊണ്ടുവന്നിട്ടുള്ളത്. ടോൾ ചുമത്തേണ്ട പാലത്തിന്റെ ഏറ്റവും കുറഞ്ഞ നിർമ്മാണച്ചെലവ് നൂറ് ലക്ഷം രൂപ എന്ന പരിധിയിൽനിന്ന് അഞ്ഞൂറ് ലക്ഷം രൂപയായി ഉയർത്തുമ്പോൾ മിക്ക

പാലങ്ങൾക്കും ടോൾ ഉണ്ടാകുകയില്ല എന്നതാണ് ഈ ഭേദഗതിയുടെ നേട്ടം. നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ കീഴിലുള്ള പാലങ്ങൾക്ക് ടോൾ പിരിക്കുന്നത് MORTH-ന്റെ വിജ്ഞാപനമനുസരിച്ചും നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ നിയമമനുസരിച്ചുമാണ്. ടോൾ പിരിക്കുന്നതിന് നിലവിലെ വ്യവസ്ഥ 15 വർഷമായി ക്ലിപ്തപ്പെടുത്തുന്ന കാര്യം പരിശോധിക്കാവുന്നതാണ്. ടോൾ കഴിയുന്നത്ര കുറച്ചുകൊണ്ടുവരണമെന്ന നിലപാടാണ് സംസ്ഥാന സർക്കാരിനുള്ളത്. ഈ ഓർഡിനൻസ് യഥാസമയം പുന:പ്രസിദ്ധീകരിക്കാതിരുന്നതുകൊണ്ട് ജനങ്ങൾക്ക് അധികബാധ്യതയുണ്ടായിട്ടുണ്ടോയെന്നും അതിന് കഴിയാതെ വന്നത് വകുപ്പിലെ വീഴ്ചയാണോയെന്നും പരിശോധിക്കുന്നതാണ്. നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ കീഴിലുള്ള റോഡുകളുടെ കാര്യത്തിലും ഈ ഗവൺമെന്റ് പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. നിയമപരമായ കാര്യങ്ങളിൽ നിയമ വകുപ്പ് സൂക്ഷ്മമായി പരിശോധിക്കുന്നതിനുപുറമെ വെറ്റ് ചെയ്യുന്നുമുണ്ട്. ത്രീ വീലറുകളെ ടോൾ പിരിവിൽനിന്നും ഒഴിവാക്കണമെന്ന നിർദ്ദേശം പരിശോധിച്ച് അനുകൂലമായ നടപടി സ്വീകരിക്കുന്നതാണ്. ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

നിരാകരണപ്രമേയം സഭ നിരാകരിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2013-ലെ കേരള ടോൾ (ഭേദഗതി) ബിൽ മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച V-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

സഭ ഉച്ചയ്ക്കുശേഷം 3.02-ന് പിരിഞ്ഞു.